LIBRARY ARCHIVES Kerala Legislative Assembly

സ്ക്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാ പഠനനിലവാരം ഉയർത്താൻ നടപടി

95 [694] ശ്രീ. സ്റ്റീഫൻ ജോർജ് :

,, ജോസഫ് എം. പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്ക്കൂളുകളിലെ ഇംഗ്ലീഷ് ടീച്ചേഴ്സ് തസ്തികകളിലേക്ക് ഇംഗ്ലീഷ് ഐശ്ചിക വിഷയമെടുത്ത് അടിസ്ഥാന യോഗ്യതയും അദ്ധ്യാപന പരിശീലനവും നേടിയവരെ നിയമിച്ച് വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്ക്കൂളുകളിൽ നിന്നും പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പ്രാവീണ്യം ലഭിക്കത്ത രീതിയിൽ പാഠ്യപദ്ധതിയിൽ വ്യവഹാര ഇംഗ്ലീഷ് കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഷ്ക്കരിച്ച പാഠ്യപദ്ധതി പ്രകാരം എല്ലാ ക്ലാസ്സുകളിലേയും ഇംഗ്ലീഷ് പാഠപുസ്തകങ്ങളിൽ ലിസണിംഗ്, സ്പീക്കിംഗ്, റൈറ്റിംഗ്, റീഡിംഗ് എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ആശയവിനിമയ രീതിക്കും പ്രാധാന്യം നൽകിയാണ് ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

നാഷണൽ ഫൗണ്ടേഷൻ ഫോർ ടീച്ചേഴ്സ് വെൽഫെയറിന്റെ പ്രവർത്തനവും ഫണ്ടു വിനിയോഗവും

96 [695] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഫൗണ്ടേഷൻ ഫോർ ടീച്ചേഴ്സ് വെൽഫെയറിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) കഴിഞ്ഞ വർഷം ഈ സ്ഥാപനത്തിന് ലഭിച്ച ഫണ്ട് എത്ര ;

(സി) ഈ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നാഷണൽ ഫൗണ്ടേഷൻ ഫോർ ടീച്ചേഴ്സ് വെൽഫെയറിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) കഴിഞ്ഞ വർഷം സ്ഥാപനത്തിന് പദ്ധതിയിതര ഇനത്തിൽ (നോൺ പ്ലാൻ) ധനസഹായമായി 88,000 രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാംപ് വിൽപ്പന മുഖേന സ്ക്കൂളുകളിൽ നിന്ന് ഓരോ വർഷവും 55 ലക്ഷം ഉറുപ്പിക സമാഹരിക്കാറുണ്ട്.

† അനുബന്ധം III